# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1197 20.03.2012 - ൽ മറുപടിക്ക്**

## എസ്. ആർ. ഐ. പി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എസ്. ആർ. ഐ. പി പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ; ഇതിലേക്കായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ ; | (എ) സംസ്ഥാനത്ത് റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കേണ്ട റോഡുകളുടെ സാധ്യതാ പഠനം നടത്തുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. അവർ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. നിലവിലുള്ള റോഡുകളുടെ പ്രാധാന്യവും വാഹന ബാഹുല്യവും, മറ്റ് പ്രധാന റോഡുകളുമായുള്ള കണക്ടിവിറ്റി, കടന്നു പോകുന്ന പ്രദേശത്തിന്റെ കാർഷിക, വ്യാവസായിക, വിനോദ സഞ്ചാര തീർത്ഥാടന പ്രാധാന്യം, പിന്നോക്കാവസ്ഥ എന്നിവയാണ് ഇതിലേയ്ക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) ഓരോ മണ്ഡലത്തിലും എത്ര വീതം റോഡുകൾ നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) ഓരോ മണ്ഡലത്തിലും പ്രത്യേകമായി റോഡുകൾ നൽകുവാൻ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എന്നു മുതൽ ഈ പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കു-തെന്ന് വ്യക്തമാക്കുമോ ; | (സി) | പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ച ശേഷം സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഈ പദ്ധതിയുടെ സർവ്വെ /സ്റ്റഡി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയ-തിന്റെ വിശദ വിവരങ്ങൾ നൽകുമോ ? | (ഡി) | പദ്ധതിയുടെ പഠനം പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.